**പോലീസ് വകുപ്പ്**

**കേരളം**

**No. E2-17734/2019/IRB**

ഇന്ത്യ റിസർവ് ബറ്റാലിയൻ,
തൃശ്ശൂർ
cmdtirb.pol@kerala.gov.in
04872328720
തീയതി. 21-08-2020

**ലേല പരസ്യം**

തൃശ്ശൂർ, ഇന്ത്യ റിസർവ്വ് ബറ്റാലിയൻ അധീനത്തിലുള്ളതും ഡിപ്പാർട്ട്മെന്റിന് ഉപയോഗമല്ലാത്തതുമായ താഴെ സൂചിപ്പിച്ചിട്ടുള്ള വകുപ്പ് വാഹനങ്ങൾ 30.09.2020 തീയതി രാവിലെ 11.00 മണിക്ക് ഇന്ത്യ റിസർവ്വ് ബറ്റാലിയൻ ആസ്ഥാനത്ത് വെച്ച് ദർഘാസ്/പൊതു ലേലത്തിൽ വിൽക്കുന്നതാണ്.

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | നിരത ദ്രവ്യം |
|---|---|---|---|---|
| 1 | KL 01 AM 7895 | Ambassador | 2006 | ₹3,000/- |
| 2 | KL 01 AD 5096 | Qualis | 2004 | ₹4,800/- |
| 3 | KL 01 AS 8153 | Bolero | 2008 | ₹6,000/- |
| 4 | KL 01 AN 139 | Tata Sumo | 2006 | ₹3,600/- |
| 5 | KL 01 AE 742 | Tata Indigo | 2004 | ₹2,400/- |
| 6 | KL 01 AS 8140 | Bolero | 2008 | ₹6,240/- |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുമ്പ് മുകളിൽ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി അടച്ച് രസീതി വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരത ദ്രവ്യം തിരിച്ചു നൽകുന്നതുമാണ്.

കൂടാതെ ടി ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻ കൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 29.09.2020 തീയതി വൈകീട്ട് 4 മണിക്ക് മുൻപായി ബറ്റാലിയൻ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ തപാലിൽ അയക്കുന്നവർ ദർഘാസിനൊടെപ്പം മേൽ കൊടുത്തിട്ടുള്ള നിരതദ്രവ്യ തുകക്ക് ഏതെങ്കിലും ദേശ സാൽകൃത ബാങ്കിൽ നിന്നും കമാണ്ടൻറ് ഇന്ത്യ റിസർവ് ബറ്റാലിയൻ, തൃശ്ശൂർ എന്ന പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യണ്ടേതും കവറിന് പുറത്ത് "ഉപയോഗശൂന്യമായ വാഹന ലേലത്തിനുള്ള ദർഘാസ്" എന്ന് വകുപ്പ് വാഹനങ്ങളുടെ രജിസ്റ്റർ നമ്പർ സഹിതം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ലേലം കഴിഞ്ഞാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിന്റെയോ ദർഘാസിന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം എടുത്തയാൾ അപ്പോൾ തന്നെ ലേലത്തുകയുടെ പകുതി സംഖ്യ, നിരത ദ്രവ്യം കഴിച്ച് ലേല സ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. തുടർന്ന് ലേലം/ ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി ലേലത്തുകയും നിയമാനുസൃതമായ നികുതി, സെസ് എന്നിവ മുഴുവൻ അടച്ച് സ്വന്തം ചിലവിൽ ലേല/ ദർഘാസ് പ്രകാരം ലഭിച്ച വാഹനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ട വ്യക്തി പ്രവർത്തിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതും ആയിരിക്കും. അതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ ആയത് മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും. മറിച്ചുലാഭമുണ്ടാക്കുകയാണെങ്കിൽ ആയത് മുൻ ലേലക്കാരന് അർഹനല്ലാത്തതുമായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെക്കുന്നതിനും, അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ അധികാരം ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടൻന്റിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച് തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റിന്റെ തീരുമാനം അന്തിമമായിരിക്കും.

ലേലത്തിനായി നിശ്ചയിച്ചിരിക്കുന്ന വാഹനങ്ങൾ ലേലത്തിന് മുമ്പുള്ള പ്രവൃത്തി ദിവസങ്ങളിൽ പകൽ 11.00 മണിക്കും 17.00 മണിക്കും ഇടയിലുള്ള സമയത്ത് തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.ടി.) യുടെ അനുവാദത്തോടെ പരിശോധിക്കാവുന്നതാണ്.

E2-17734/2019/IRB ac0ead

നവനീത് ശർമ്മ ഐ പി എസ്
കമാണ്ടൻറ്

| | | |
|---|---|---|
| സ്വീകർത്താവ് | : | കേരള സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം സമക്ഷം ഉപരി പത്രം സഹിതം അറിവിലേക്കായി |
| പകർപ്പ് | : | സംസ്ഥാനത്തെ എല്ലാ പോലീസ് മേധാവിമാർക്കും/കമാണ്ടൻന്റ്മാർക്കും ആവശ്യമായ പരസ്യം നൽകുന്നതിനായി അയക്കുന്നു. സൂപ്രണ്ട് ഗവൺമെന്റ് പ്രസ്, തിരുവനന്തപുരം സമക്ഷം ഉപരി പത്രം സഹിതം പരസ്യം ചെയ്യുന്നതിനായി. സോണൽ ഓഫീസർ, തൃശ്ശൂർ കോർപ്പറേഷൻ ഓഫീസ് വിൽവട്ടം -ന് ആവശ്യമായ പരസ്യം നൽകുന്നതിനായി. വില്ലജ് ഓഫീസർ, വില്ലജ് ഓഫീസ്, വിൽവട്ടം -ന് പരസ്യം നൽകുന്നതിനായി. തൃശ്ശൂർ ഐ.ആർ.ബി ബറ്റാലിയനിലെ ഡി സി (അഡ്മിൻ), ഡി സി (ക്യു എം), ഡി സി (ട്രെയിനിംഗ്),ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.റ്റി)എന്നിവർക്ക് അറിവിലേക്കും അനന്തര നടപടികൾക്കുമായി . എ എ, മാനേജർ, എന്നിവർക്ക് അറിവിലേക്കായി . ഐ ആർ ബി യിലെ എല്ലാ കമ്പനി ഓഫീസർ കമാന്റിംഗ് ന്റെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി. : തൃശ്ശൂർ ഐ.ആർ.ബി കാഷ്യറുടെ അറിവിലേക്ക്. : നടപടിക്രമങ്ങളുടെ ഫയലിലേക്ക്. നോട്ടീസ് ബോർഡിലേക്ക് |

Internal Administrative Processing System
iAPS
KERALA POLICE